"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ശ്രീ.സജികുമാർ.വി., ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഫയൽ ചെയ്ത OA(EKM) 774/2022 നമ്പർ കേസിലെ 13/4/2022 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.478/2022/F&WLD തീയതി,തിരുവനന്തപുരം, 07-11-2022

---

പരാമർശം:-

1. 7/8/2015 ലെ എ1/2269/2014/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
2. 5.3.2017 ലെ സ.ഉ(സാധാ) നം 80/2017/വനം.
3. 23.4.2018 ലെ സ.ഉ(സാ) നം 188/2018/വനം.
4. ശ്രീ സജികുമാർ.വി ഫയൽ ചെയ്ത ഒ.എ (EKM) 774/2019 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.4.2022 ലെ വിധിന്യായം.
5. 5.8.2022 തീയതിയായി ശ്രീ സജികുമാർ.വി സമർപ്പിച്ച പ്രതിവാദ പത്രിക.
6. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 17.9.2022 ലെ ബി8-29255/2009 നമ്പർ കത്ത്.

**ഉത്തരവ്**

മൂന്നാർ വനം ഡിവിഷൻ ദേവികുളം റേഞ്ച് ഒ.ആർ.81/09 പാലാർ ഭാഗത്ത് റിസർവ്വ് വനത്തിൽ നിന്നും യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിക്കടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.വി.സജികുമാറിനും മറ്റ് രണ്ടുപേർക്കും കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീ.വി.സജികുമാർ.വി, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൽ നിന്നും 5,000/- (അയ്യായിരം രൂപ മാത്രം) രൂപ ഈടാക്കിക്കൊണ്ടും 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 V(A) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും, അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായി . ആയതിന്മേൽ ശ്രീ സജികുമാർ.വി സമർപ്പിച്ച റിവ്യൂ ഹർജ്ജി പരാമർശം (3) ഉത്തരവ് പ്രകാരം നിരസിച്ച് സർക്കാർ ഉത്തരവായിരുന്നു.

പ്രസ്തുത സർക്കാർ ഉത്തരവുകൾതിരെ ശ്രീ സജികുമാർ.വി ഫയൽ ചെയ്ത ഒ.എ (EKM) 774/2019 മേലുള്ള ബഹു.ട്രിബ്യൂണലിന്റെ പരാമർശം (4) വിധിന്യായപ്രകാരം പരാമർശം (2), പരാമർശം (3) സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്യുകയും കൂടാതെ ശ്രീ സജികുമാറിന്

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകിയ ശേഷം അതിന്റെ കൂടി അടിസ്ഥാനത്തിൽ പരാമർശം (1) കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി ലഭ്യമാക്കുന്നതിന് അവസരം നൽകി പുതിയ ഉത്തരവ്, വിധിന്യായം കൈപ്പറ്റി മൂന്ന് മാസത്തിനകം പുറപ്പെടുവിക്കുന്നതിനും ഉത്തരവായി.

ഔപചാരികാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും പരാമർശം (1) ലെ കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പും പ്രതിവാദ പത്രിക ലഭ്യമാക്കുന്നതിനായി ശ്രീ.സജികുമാറിന് നൽകുകയും ആയതിന് ടിയാൻ പരാമർശം (5) പ്രകാരംപ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തു.

കേരള ഫോറസ്റ്റ് കോഡ് അപ്പൻഡിക്സ് XIV പ്രകാരം ഓരോ ബീറ്റിലെയും വന സംരക്ഷണം പ്രാഥമികമായും പ്രഥമമായും നിക്ഷിപ്തമായിരിക്കുന്നത് ഫോറസ്റ്റ് ഗാർഡിലാണെന്നും, OR 81/2004നമ്പർ കേസ്സ് ദേവികുളം റെയിഞ്ചിൽ രജിസ്റ്റർ ചെയ്യുമ്പോൾ, കേസ്സ് നടന്ന സ്ഥലത്തെ വന സംരക്ഷണ ജീവനക്കാരായ ഫോറസ്റ്റ് ഗാർഡുമാർ മാത്രമാണ് കുറ്റക്കാരെന്ന് അവർക്ക് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ കുറ്റപത്രത്തിലും കുറ്റാരോപണ പത്രികയിലും കാരണം കാണിക്കൽ നോട്ടീസിലും വ്യക്തമായും പറഞ്ഞിട്ടുണ്ടെന്നും, കേസ്സിനാസ്പദമായ യൂക്കാലി മരങ്ങൾ നഷ്ടപ്പെട്ടത് ദേവികുളം റെയിഞ്ചിലെ അരുവാക്കാട് സെക്ഷനിലെ ഫോറസ്റ്റ് ഗാർഡുമാരുടെ അറിവും സമ്മതത്തോടും കൂടിയാണെന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് നൽകുകയും അന്വേഷണത്തിൽ ആയത് ശരിയാണെന്ന് ബോദ്ധ്യമാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ഈ കാര്യം മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും, ടിയാന്മാരെ സസ്പെന്റ് ചെയ്യുകയും ചെയ്തുവെന്നും ശ്രീ.സജികുമാർ.വി പ്രതിവാദ പത്രികയിൽ വാദിക്കുകയുണ്ടായി.

ഇങ്ങിനെ സസ്പെന്റ് ചെയ്യപ്പെട്ട ഫോറസ്റ്റ് ഗാർഡായ ശ്രീ.പി.തങ്കച്ചനാണ് ഔപചാരിക അന്വേഷണത്തിൽ തനിക്കെതിരെ മൊഴി നൽകിയതെന്നും, അതുകൊണ്ടുതന്നെ ശ്രീ.പി.തങ്കച്ചന്റെ മൊഴി സ്വീകരിച്ചുകൊണ്ട് നടത്തിയ അന്വേഷണ റിപ്പോർട്ട് പക്ഷപാതപരമാണെന്നും, കുറ്റം തെളിയിക്കാനായി വിസ്തരിച്ച സാക്ഷികളിൽ ശ്രീമതി.എസ്.വി.മേരി, ഫോറസ്റ്റ് ഗാർഡ് നൽകിയ റിപ്പോർട്ടിൽ തനിക്കെതിരെ യാതൊരുവിധ പരാമർശവും ഇല്ലെന്നും, കുറ്റം തെളിയിക്കാനായി സാക്ഷിയാക്കിയ വാച്ചർ ശേഖറിന്റെ മൊഴിയിലും തനിക്കെതിരെ യാതൊരുവിധ പരാമർശവും ഇല്ലാത്തതാണെന്നും ഹർജിക്കാരൻ പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ഔപചാരികാന്വേഷണ റിപ്പോർട്ടിൽ ശ്രീ.ആന്റണി മകൻ വർക്കി @ റെജി ആന്റണി, ശ്രീ.എൽദോസ് മകൻ റെജി എന്നിവരുടെ മൊഴി പകർപ്പുകൾ ഉണ്ട്. ഈ രണ്ടു മൊഴികളിലും തനിക്കെതിരെ യാതൊരുവിധ പരാമർശവും ഇല്ലെന്നും, അന്വേഷണറിപ്പോർട്ടിൽ അന്വേഷണാധികാരിയുടെ കണ്ടെത്തലുകളായി ചേർത്ത "കുറ്റങ്ങൾ" എന്ന ഖണ്ഡികയിൽ, താൻ 15-10-2004 ന് കുറ്റകൃത്യം നടന്ന സ്ഥലം കണ്ടിരുന്നു എന്നു സൂചിപ്പിക്കുന്നത് തികച്ചും വസ്തുതാവിരുദ്ധമാണെന്നും, ഈ കാര്യത്തിൽ ഉപോൽബലമായി കാണിക്കുന്നത് ശ്രീമതി.എസ്.വി.മേരി, ഫോറസ്റ്റ് ഗാർഡിന്റെ മൊഴിയാണെന്നും എന്നാൽ, ശ്രീമതി.എസ്.വി.മേരി ഫോറസ്റ്റ് ഗാർഡിന്റെ റിപ്പോർട്ടിൽ ഉള്ളത് സെക്ഷൻ ഫോറസ്റ്ററും വാച്ചർ ശേഖറും സംഭവ സ്ഥലം 15-10-2004-ന് സന്ദർശിച്ചു എന്നാണെന്നും ആയതിനാൽ അന്വേഷണാധികാരിയുടെ കണ്ടെത്തൽ വസ്തുതാവിരുദ്ധമാണെന്നും അരുവിക്കാട് സെക്ഷനിലെ പാലാർ ഭാഗത്തു നിന്നും യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിക്കടത്തിയതുമായി ബന്ധപ്പെട്ട് OR.81/2004 രജിസ്റ്റർ ചെയ്തത് 21.10.2004-ൽ മാത്രമാണെന്നും, എന്നാൽ

മഹസ്സറിൽ പഴക്കം കാണിച്ചിട്ടുള്ളത് ഒരാഴ്ച മുമ്പാണ് എന്നാണെന്നും, അതായത് മഹസ്സർ പ്രകാരം ടി കുറ്റകൃത്യം നടന്നത് ഒരാഴ്ച മുമ്പ് എന്നായതിനാൽ യഥാസമയം കുറ്റം കണ്ടെത്തി മഹസ്സർ തയ്യാറാക്കി സമർപ്പിക്കാൻ ഫോറസ്റ്റ് ഗാർഡുകൾക്ക് കഴിഞ്ഞിട്ടില്ലെന്നും, അതുകൊണ്ട തന്നെ തൊണ്ടി കണ്ടെത്താനും പ്രതികളെ കണ്ടെത്താനും കുറ്റകൃത്യത്തിന് ഉപയോഗിച്ച ആയുധങ്ങൾ കണ്ടെത്താനും ഫോറസ്റ്റ് ഗാർഡുമാർക്ക് കഴിഞ്ഞില്ലായെന്ന് കാണാമെന്നും, ഈ വീഴ്ചയും അനാസ്ഥയും കൊണ്ടാണ് ഫോറസ്റ്റ് ഗാർഡുമാരെ സസ്പെന്റ് ചെയ്യേണ്ടി വന്നതെന്നും, തൊണ്ടിതടികൾ കടത്തികൊണ്ടുപോകാൻ ഉപയോഗിച്ചെന്നു കരുതുന്ന വാഹനമായ KL-75-5063 നമ്പർ ലോറി കസ്റ്റഡിയിൽ എടുത്തത് അന്നത്തെ ദേവികുളം റെയിഞ്ചോഫീസർ എന്ന നിലയിൽ ഹർജിക്കാരന്റെ നേതൃത്വത്തിലായിരുന്നുവെന്നും, തൊണ്ടിതടികൾ കണ്ടെത്താനും പ്രതികളെ കസ്റ്റഡിയിലെടുക്കാനുള്ള ആത്മാർത്ഥ ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇങ്ങിനെ പ്രവൃത്തി ചെയ്തതെന്നും, ടി കുറ്റകൃത്യം നടന്നതിനുശേഷം ഒരാഴ്ച കഴിഞ്ഞാണ് ബന്ധപ്പെട്ട സ്റ്റാഫ് മഹസ്സർ എഴുതുന്നതും കേസ്സ് ബുക്ക് ചെയ്യുന്നതും. ടി കേസ്സ് OR.81/2004 ആയി രജിസ്റ്റർ ചെയ്തതിനുശേഷം ഒരാഴ്ച കഴിഞ്ഞാണ് അതായത്, 29-10-2004 നാണ് വാഹനവും പ്രതികളെയും കസ്റ്റഡിയിലെടുക്കുന്നത്. പ്രതികളെ കസ്റ്റഡിയിലെടുത്തതിനു ശേഷമാണ്, ഈ കേസ്സിലെ യൂക്കാലിപ്റ്റസ് തടികൾ എവിടേക്കാണ് കൊണ്ടുപോയെന്ന വ്യക്തമായ വിവരം ലഭിക്കുന്നത്. അതായത് തൊണ്ടി തടികൾ മില്ലിലെത്തിയതിനുശേഷം രണ്ടാഴ്ചയ്ക്കുശേഷമാണ്, മില്ല് ഏതാണ് എന്നറിയുന്നത്. ആ സമയത്ത് തൊണ്ടി തടികൾ ലഭിക്കാൻ സാദ്ധ്യത തീരെ ഇല്ലായെന്ന് മനസ്സിലാക്കിയതുകൊണ്ടും, തൊണ്ടി തടികൾ ലഭിക്കാതെ മില്ലിനെയും, മില്ലുടമസ്ഥനെയും കസ്റ്റഡിയിലെടുത്താൽ വകുപ്പിന്റെ പേര് പൊതുജന മധ്യത്തിൽ മോശമായി തീരുമെന്നതിനാലും, ഇങ്ങിനെ നടപടി സ്വീകരിക്കുന്നതിന് നിയമ സാധുത ഇല്ലാത്തതിനാലുമാണ് തൊണ്ടിതടികൾ കസ്റ്റഡിയിൽ കിട്ടാതിരുന്നത്. അല്ലാതെ ആയത് മന.പൂർവ്വമായ വീഴ്ച അല്ലായെന്നും, ടിയാന്റെ രഹസ്യാന്വേഷണത്തിലും നേരിട്ടുള്ള അന്വേഷണത്തിലും, സ്റ്റാഫിന്റെ അന്വേഷണത്തിലും ടി തൊണ്ടിതടികൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, എന്നാൽ ഈ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ച ഉടൻ തന്നെ ബീറ്റ് ഫോറസ്റ്റ് ഗാർഡുമാർ മഹസ്സർ എഴുതിയിരുന്നുവെങ്കിൽ ടി തൊണ്ടിതടികൾ കണ്ടെത്താമായിരുന്നു എന്നും ശ്രീ സജികുമാർ.വി, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ബോധിപ്പിച്ചിട്ടുണ്ട്. അതായത്, ടി യൂക്കാലിപ്റ്റസ് മരങ്ങൾ അനധികൃതമായി മുറിച്ചുമാറ്റിയ സമയത്തുതന്നെ കേസ്സെടുക്കാത്തതുകൊണ്ടാണ് തൊണ്ടിതടികൾ പിടിച്ചെടുക്കാനാവാത്ത വിധത്തിൽ നഷ്ടപ്പെട്ടുപോയതെന്നും, സർക്കാർ നഷ്ടത്തിനും തൊണ്ടിതടികൾ കണ്ടെത്താത്തതിനും പരിപൂർണ്ണ ഉത്തരവാദികൾ അരുവിക്കാട് ബീറ്റ് ഫോറസ്റ്റ് ഗാർഡുമാരായ സർവ്വശ്രീ.എ.പി.തങ്കച്ചൻ, പി.വിജയകുമാർ, എ.വി.മജീദ് എന്നിവരാണെന്നും, ഒരു വന കുറ്റകൃത്യത്തിന് പ്രാഥമദൃഷ്ട്യാ ഉത്തരവാദികളായ ബീറ്റ് ഫോറസ്റ്റ് ഗാർഡുമാരുടെ അറിവും സമ്മതത്തോടും കൂടി നടന്ന കുറ്റത്തിൽ നിന്നും, ഇവരെ ഒഴിവാക്കിക്കൊടുക്കുകയും സൂപ്പർവൈസറി ഓഫീസ്സറായ റെയിഞ്ച് ഓഫീസറുടെയും സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെയും പേരിൽ കുറ്റം ചാർത്തിയത് തികച്ചും ശരിയായ രീതിയല്ലായെന്നും, ഈ കേസ്സിൽ ഉത്തരവാദികളായ ബീറ്റ് ഫോറസ്റ്റ് ഗാർഡുമാരെ കുറ്റവിമുക്തമാക്കിയതിനാൽ സമാന്യ നീതി അനുസരിച്ച് ബീറ്റ് ഫോറസ്റ്റ് ഗാർഡുമാർക്ക് നൽകിയ നീതി തനിക്കും ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഹർജിക്കാരൻ അപേക്ഷിച്ചിട്ടുണ്ട്. ശ്രീ.സജികുമാർ.വി സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (6) പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

ഒന്നാമത്തെ കുറ്റാരോപണത്തിനു ശ്രീ.സജികുമാറിന്റെ വാദമായ കേരള ഫോറസ്റ്റ് കോഡ് അപ്പന്റിക്സ് XIV വിശിഷ്യാ സബ് സെക്ഷൻ 21 പ്രകാരം കുറ്റകൃത്യം കണ്ടുപിടിക്കേണ്ട പ്രാഥമിക ഉത്തരവാദിത്വം ഫോറസ്റ്റ് ഗാർഡിൽ നിക്ഷിപ്തമാണ് എന്നത് പരിശോധിച്ചാൽ ബീറ്റ് തലത്തിൽ നടക്കുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പ്രാഥമിക നടപടി കൈക്കോള്ളേണ്ടത് ബീറ്റ് തല ഉദ്യോഗസ്ഥരുടെ പ്രാഥമിക ഉത്തരവാദിത്വമാണെന്നും, ഹൈറേഞ്ച് സർക്കിൾ കൺസർവേറ്ററുടെ 30.11.2015-ലെ സി8-1734/2011 നടപടി ഉത്തരവിൽ ഈ കേസിൽ ആദ്യമായി അറിവ് ലഭിച്ചത് വി.എസ്.മേരി എന്ന വനിതാ ഗാർഡിനാണ് എന്ന് പരാമർശിച്ചു കാണുന്നു. എന്നാൽ അവർ 2 ദിവസത്തിനു ശേഷം മാത്രമാണ് ടി വിവരം പറയുന്നതെന്നും സംഭവമറിഞ്ഞ റെയിഞ്ച് ഓഫീസർ തുടർനടപടി സ്വീകരിക്കുവാൻ ഫോറസ്റ്ററെ 15.10.2014-ൽ ചുമതലപ്പെടുത്തുകയുണ്ടായി എന്നും കാണുന്നു. എന്നാൽ ഫീൽഡ് വിഭാഗം ജീവനക്കാർ മഹസ്സർ തയ്യാറാക്കുന്നത് 21.10.2014-ൽ മാത്രമാണ്. ആയതിൽ നിന്നും പ്രാഥമിക ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തിയ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ വേണ്ട നിർദ്ദേശം നൽകിയെങ്കിലും ഫീൽഡ് വിഭാഗം ജീവനക്കാർ ആയതിൽ കാലതാമസം വരുത്തുകയാണ് ഉണ്ടായതെന്ന് കാണാം. മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് നമ്പർ എം2-7403/04 തീയതി 29.10.2004-ൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ എ.പി.തങ്കച്ചൻ, എ.വി.മജീദ്, പി.വിജയകുമാർ എന്നിവർ അന്വേഷണത്തിൽ സഹകരിക്കുന്നില്ലായെന്നും പരാമർശിച്ചിട്ടുണ്ട്. ടി ഉത്തരവിൽ, ദേവികുളം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 25.10.2004-നു തന്നെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ടി കാര്യങ്ങൾ അറിയിച്ചിട്ടുള്ളതായും കാണുന്നുവെന്നും, തടികൾ കടത്തിക്കൊണ്ട് പോയ വാഹനം KL-75-5065 എന്ന ലോറി 29.10.2004-ൽ കസ്റ്റഡിയിൽ എടുക്കുകയും ലോറി ഡ്രൈവറെയും, ക്ലീനറെയും അറസ്റ്റ് ചെയ്യുകയും കൂടാതെ ജോസഫ്, വർഗ്ഗീസ് എന്നീ രണ്ട് പ്രതികളെയും കൂടി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട് എന്ന് 04.11.2004-ൽ മൂന്നാർ വനം ഡിവിഷനിൽ അന്നത്തെ ദേവികുളം റെയിഞ്ച് ഓഫീസർ ആയിരുന്ന ശ്രീ.വി.സജികുമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നു. ടി കേസിൽ മരങ്ങൾ കടത്തിക്കൊണ്ടു പോകാൻ കൂട്ടുനിന്ന പാലാർ ചെക്ക് പോസ്റ്റിലെ താൽക്കാലിക വാച്ചറായ കുഞ്ഞിരാമനെ ജോലിയിൽ നിന്നും പിരിച്ച് വിട്ട് ടിയാനെ പ്രതി ചേർക്കണമെന്നും ടി കത്തിൽ പ്രതിപാദിക്കുന്നുണ്ട്. ടി കേസുമായി ബന്ധപ്പെട്ട് തൊണ്ടി തടികൾ കടത്താനുപയോഗിച്ച വാഹനം ടിയാന്റെ നേതൃത്വത്തിൽ കസ്റ്റഡിയിൽ എടുത്തതിൽ നിന്നും ടി കേസന്വേഷണത്തിൽ ടിയാന്റെ ഭാഗത്ത് നിന്ന് ഒരു ശ്രമം നടത്തിയിട്ടുള്ളതായി കാണാവുന്നതാണ്. യഥാസമയം സെക്ഷൻ സ്റ്റാഫുകൾ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഈ കേസിലെ തൊണ്ടിത്തടികൾ നഷ്ടപ്പെടുവാൻ ഇടയാകില്ലായെന്നതും കണക്കിലെടുക്കേണ്ടതായി കാണുന്നുവെന്നും പരാമർശം (6) പ്രകാരം ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

പ്രതിവാദ പത്രികയിൽ ആവശ്യപ്പെട്ടതനുസരിച്ച് ശ്രീ.സജികുമാർ.വി, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ 18.10.2022-ന് നേരിൽ കേട്ടു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാകാത്തതിനാൽ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്താണെന്ന് അറിയാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ കാരണം കാണിക്കൽ നോട്ടീസിന് വ്യക്തമായ മറുപടി നൽകാൻ കഴിഞ്ഞില്ലെന്നും, മേൽ സാഹചര്യത്തിലാണ് കോടതി ഉത്തരവ് മുഖേന ഔപചാരികാന്വേഷണ റിപ്പോർട്ട് ലഭ്യമായതെന്നും, വന സംരക്ഷണം എന്നത് കേരള ഫോറസ്റ്റ് കോഡ് അപ്പൻഡിക്സ് XIV പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ഉത്തരവാദിത്തവും കടമയുമാണെന്നും, മേൽ വിഷയത്തിൽ ഉത്തരവാദികളായ ഫോറസ്റ്റ്

ഗാർഡുമാരെ അവരുടെ അപ്പീൽ അപേക്ഷകൾ പരിഗണിച്ച് കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും, ആയതിനാൽ അവർക്കു നൽകിയ സാമാന്യ നീതി തനിക്കും ലഭ്യമാക്കണമെന്നും, നടപടിക്രമങ്ങളുടെ ഭാഗമായി ടിയാൻ സസ്പെന്റ് ചെയ്ത വ്യക്തിയാണ് അന്വേഷണ റിപ്പോർട്ടിലെ പ്രധാന സാക്ഷിയായിരിക്കുന്നതെന്നും, മരം മുറി നടന്ന ഭൂമി റവന്യൂ ഭൂമിയായിരുന്നുവെന്നും മുകളിൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ടിയാനെ കുറ്റവിമുക്തനാക്കണമെന്നും ശ്രീ.സജികുമാർ.വി, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ നേരിട്ട് കേട്ട വേളയിൽ ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും ശ്രീ.സജികുമാർ.വി, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ വാദഗതികളും മറ്റ് ലഭ്യമായ രേഖകളും പരിശോധിച്ചാൽ ഇക്കാര്യത്തിൽ പ്രാഥമിക ഉത്തരവാദികൾ ഫോറസ്റ്റ് ഗാർഡുമാരാണെന്നു കാണാവുന്നതാണ്. എന്നാൽ അവരുടെ അപ്പീൽ അപേക്ഷകൾ പരിഗണിച്ച് സർക്കാർ ടിയാന്മാരെ കുറ്റവിമുക്തരാക്കിയിട്ടുണ്ട്. യഥാസമയം സെക്ഷൻ സ്റ്റാഫുകൾ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ തൊണ്ടിത്തടികൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുമായിരുന്നില്ല. ഹർജിക്കാരന്റെ ഭാഗത്തുനിന്നും നടപടികളിൽ വീഴ്ച ഉണ്ടായതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ ഉദാരമായ സമീപനം കൈക്കൊണ്ട് ശ്രീ.സജികുമാർ.വി, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ കുറ്റവിമുക്തനാക്കി ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (4) ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.(ആമുഖ കത്ത് സഹിതം)
ശ്രീ സജികുമാർ.വി, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(എൻ.സി), സോഷ്യൽ ഫോറസ്റ്റി ഡിവിഷൻ,ബി1-ബ്ലോക്ക്, സിവിൽ സ്റ്റേഷൻ , മലപ്പുറം.
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള,
തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 07-11-2022 17:10:02
സെക്ഷൻ ഓഫീസർ